## ലാന്റ് റവന്യൂ ജോയിന്റ് കമ്മിഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ: ബി. മോഹനൻ ഐ.എ.എസ്.)

എൽ.ആർ.(എൻ)1-401/2014 തീയതി: 28.10.2014

വിഷയം: റവന്യൂ വകുപ്പ് - ചെയിൻ സർവെ പരിശീലനം - തിരുവനന്തപുരം കേന്ദ്രം-പരിശീലനത്തിൽ നിന്ന് ഒഴിവാക്കുന്നത്/ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്:

സൂചന:
1 ഈ കാര്യാലയത്തിലെ 16.09.2014 ലെ മേൽ നമ്പർ നടപടിക്രമം,

2 തിരുവനന്തപുരം ജില്ലാകളക്ടറുടെ 24.10.2014 ലെ എസ്7-32547/2014 നമ്പർ കത്ത്.

3 ആലപ്പുഴ ജില്ലാകളക്ടറുടെ 25.10.2014 ലെ എ3-101/2014 നമ്പർ കത്ത്.

*******

സൂചന (1) നടപടിക്രമ പ്രകാരം തിരുവനന്തപരം കേന്ദ്രത്തിൽ 27.10.2014 മുതൽ ആരംഭിച്ച ചെയിൻ സർവെ പരിശീലനത്തിന് നിയോഗിക്കപ്പെട്ടവരിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ശ്രീ. അരുൺ മധു (ക്രമ നം.3), ആലപ്പുഴ ജില്ലയിൽ നിന്നും ശ്രീ. ബാലരവി, ശ്രീ.കൃഷ്ണ ചന്ദ്രൻ (ക്രമ നം.യഥാക്രമം 18, 20) എന്നിവർ ടി കാലയളവിലെ പരിശീലനത്തിൽ നിന്ന് ഒഴിവാക്കണമെന്ന് സൂചിപ്പിച്ച് സമർപ്പിച്ച അപേക്ഷ സൂചന (2), (3) എന്നിവ പ്രകാരം ഈ കാര്യാലയത്തിലേയ്ക്കയച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ മേൽ പരാമർശിച്ച ജീവനക്കാരെ പ്രസ്തുത പരിശീലനത്തിൽ നിന്നൊഴിവാക്കിക്കൊണ്ടും പകരം തിരുവനന്തപുരം ജില്ലയിൽ നിന്നും ആർ. സന്തോഷ് കുമാർ, പ്രശാന്ത് കുമാർ റ്റി.പി. എന്നിവരേയും കാസർഗോഡ് ജില്ലയിൽ നിന്നും റീജ വി. യേയും പരിശീലനത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരിശീലനത്തിൽ നിന്നൊഴിവാക്കപ്പെട്ടവരുടെ സേവനപുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതും സ്വന്തം അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശീലനത്തിൽ നിന്നൊഴിവാക്കപ്പെട്ടവരുടെ റിലിംഗ്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് അവരുടെ സേവന പുസ്തകത്തിൽ പതിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ ബന്ധപ്പെട്ട ജില്ലാകളക്ടർ/ ഉദ്യോഗസ്ഥൻ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ്

ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം വിടുതൽ ചെയ്യേണ്ടതും പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സേവന പുസ്തകത്തിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതുമാണ്

(ഒപ്പ്)
ജോയിന്റ് കമ്മിഷണർ

കക്ഷികൾക്ക്
(ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖാന്തിരം)

<u>പകർപ്പ്:</u>

1. ഡയറക്ടർ,
   സർവെയും ഭൂരേഖയും വകുപ്പ്,
   തിരുവനന്തപുരം
2. സർവെ അസിസ്റ്റന്റ് ഡയറക്ടർ,
   സെൻട്രൽ സർവെ ഓഫീസ്,
   തിരുവനന്തപുരം
3. ജില്ലാകളക്ടർ, തിരുവനന്തപുരം
4. ജില്ലാകളക്ടർ, കാസർഗോഡ്
5. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

ഉ16